ചാത്തന്നൂർ-പരവൂർ റോഡിന്റെ ഭാഗങ്ങൾ

211 (1268) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്കിലെ മീനാട് വില്ലേജ് ഓഫീസ് പരിധിയിൽ ചാത്തന്നൂർ-പരവൂർ റോഡിന്റെ ഭാഗങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറ്റം നടത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും പരാതി ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി കയ്യേറ്റക്കാരിൽ നിന്നും തിരികെയെടുക്കുവാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ ജോലികൾ ആരംഭിക്കേണ്ടതിനാൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം അഡീഷണൽ തഹസിൽദാർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ചാത്തന്നൂർ പൊതുമരാമത്ത് നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ മീനാട് വില്ലേജിലെ ബ്ലോക്ക് 32-ൽ സർവ്വെ 231/13-ന്റെ അതിർത്തി 19-9-2014-ൽ പുനർ നിർണ്ണയം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് കയ്യേറ്റ സ്ഥലത്തോട് ചേർന്നുള്ള വസ്തുക്കളുടെ റവന്യൂ ലിസ്റ്റ് എത്രയുംവേഗം തയ്യാറാക്കി നൽകുവാൻ ജില്ലാ കളക്ടർ മീനച്ചിൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടി

212 (1269) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ എത്രത്തോളമായെന്ന വ്യക്തമാക്കുമോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾക്ക് 2006-ൽ ഉത്തരവായിട്ടും ഇതുവരെ പ്രവർത്തനങ്ങൾ തുടങ്ങാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായത് ആരുടെ ഭാഗത്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly